# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 17 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പൊതുമരാമത്ത് വകുപ്പ് പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചത് 39.98 കോടി

പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഇതുവരെ വിനിയോഗിച്ചത് 39.98 കോടി രൂപ. പൊതുമരാമത്ത് വകുപ്പിന് കീഴിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മുൻസിപ്പാലിറ്റികൾക്കും നിയന്ത്രണത്തിൽ വരുന്ന തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റ് അനുബന്ധ പ്രളയ സഹായങ്ങൾക്കും കൂടിയാണ് ഇത്രയും തുക വിനിയോഗിച്ചത്. ഇതിനു പുറമേ മുനിസിപ്പാലിറ്റി തലത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾക്കാവശ്യമായ സഹായങ്ങളും തകർന്ന അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായവും അനുവദിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുമരാമത്ത് വകുപ്പിനും കീഴിലായി ജില്ലയിൽ ആകെ 764 കിലോമീറ്ററോളം റോഡും 12 പാലങ്ങളും ആണ് നിർമ്മിച്ചത്. ജില്ലയിൽ 86 പഞ്ചായത്തുകളിൽ മാത്രമായി 3.23 കോടി രൂപയുടെ പ്രളയ സഹായത്തോടെ 63.341 കിലോമീറ്റർ റോഡും 9 പാലങ്ങളുമാണ് പുനർനിർമ്മിച്ചത്. ഇതിൽ ഏറ്റവും അധികം നാശനഷ്ടങ്ങൾ സംഭവിച്ച എടത്തിരുത്തി പഞ്ചായത്തിൽ 1.19 കോടിയും വെങ്കിടങ്ങ്, തൃക്കൂർ, ചേലക്കര, ചേർപ്പ്, പറപ്പൂക്കര, പാണഞ്ചേരി, മടക്കത്തറ എന്നിവിടങ്ങളിലായി 1.97 കോടി രൂപയുമാണ് വിനിയോഗിച്ചത്. കൂടാതെ തദ്ദേശ സ്ഥാപനത്തിന്റെ ബജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലയിൽ കാടുകുറ്റി, വരന്തരപ്പിള്ളി, എളവള്ളി, നെന്മണിക്കര, പറപ്പൂക്കര, കാട്ടൂർ, വെള്ളാങ്ങല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലായി പ്രളയത്തിൽ തകർന്ന 9 അങ്കണവാടി കെട്ടിടങ്ങൾ 10.71 ലക്ഷം രൂപയ്ക്ക് പുനർനിർമ്മിച്ചു.

പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം നഗരസഭ അടിസ്ഥാനത്തിൽ 2018 ജൂൺ മുതൽ ഓഗസ്റ്റ് വരെ ജില്ലയിൽ വിവിധ മേഖലകളിലായി ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചു. തീരദേശ പ്രദേശമായ കൊടുങ്ങല്ലൂർ നഗരസഭയിൽ 37 ക്യാമ്പുകളിൽ 5921 കുടുംബങ്ങളിൽ നിന്നായി 35,525 വ്യക്തികളെ താമസിപ്പിച്ചു. ഇതിനോടൊപ്പം 23 ലക്ഷം രൂപ ചിലവഴിച്ച് പ്രളയത്തിൽ തകർന്ന 3 സ്കൂൾ കെട്ടിടങ്ങളും 5 അങ്കണവാടി കെട്ടിടങ്ങളും 15.8 ലക്ഷം രൂപ ചിലവഴിച്ച് 1.75 കിലോമീറ്റർ റോഡും നന്നാക്കി. ഗുരുവായൂർ നഗരസഭയിൽ ഒരു കോടി രൂപ വിനിയോഗിച്ചു കൊണ്ട് 12 കിലോമീറ്റർ റോഡും, കുന്നംകുളം നഗരസഭയിൽ 51 ലക്ഷം രൂപ വിനിയോഗിച്ച് 4.73 കിലോമീറ്റർ റോഡും തകർന്ന പാലവും, വടക്കാഞ്ചേരി നഗരസഭയിൽ 68 ലക്ഷം രൂപ വിനിയോഗിച്ച് 5.69 കിലോമീറ്റർ റോഡും 3 പാലങ്ങളും 1.60 ലക്ഷം ഉപയോഗിച്ച് തകർന്ന അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണവും, ഇരിങ്ങാലക്കുട നഗരസഭയിൽ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റിൽ നിന്നും 60.07 ലക്ഷം ഉപയോഗിച്ച് 6 കിലോമീറ്റർ റോഡും തദ്ദേശ സ്ഥാപനത്തിന്റെ ബഡ്ജെറ്റിൽ നിന്നും 23 ലക്ഷം രൂപ ഉപയോഗിച്ച് ദുരിതാശ്വാസ ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്കും തകർന്ന അങ്കണവാടി കെട്ടിടങ്ങളുടെ പുനർനിർമ്മാണവും നടത്തി. ജില്ലയിൽ ചാലക്കുടി നഗരസഭാ മേഖലയിലായിരുന്നു പ്രളയം വിതയ്ച്ച നാശനഷ്ടങ്ങൾ ഏറെ. ജലനിരപ്പിലെ വർദ്ധനവിലുണ്ടായ വ്യതിയാനം ചാലക്കുടിയുടെ ഗതാഗത മാർഗ്ഗത്തെ നിശ്ചലതയിലെത്തിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലിൽ ബജറ്റിൽ നിന്നും 1.7 കോടി രൂപ മുടക്കി 24.5 കിലോമീറ്ററോളം തകർന്ന റോഡിന്റെ പണി പൂർത്തീകരിച്ചു.

# വന അദാലത്ത്
# സെപ്റ്റംബർ രണ്ടിന്

തൃശൂർ ജില്ലയിൽ വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനും അവ പരിഹരിക്കുന്നതിനുമായി സെപ്റ്റംബർ രണ്ടിന് രാവിലെ 10 മുതൽ ഒരു മണിവരെ ചാലക്കുടി മുനിസിപ്പൽ ടൗൺ ഹാളിൽ വന അദാലത്ത് നടത്തും. വനമൃഗശല്യം, കൃഷിനാശം, മനുഷ്യ-വന്യജീവി സംഘർഷം, നഷ്ടപരിഹാരം തുടങ്ങിയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പൊതുജനങ്ങൾക്ക് അറിയിക്കാനുള്ള അവസരമാണ് വനം അദാലത്ത് ലക്ഷ്യമിടുന്നത്. പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പറുമുള്ള പരാതി ജൂലൈ 22 മുതൽ ഓഗസ്റ്റ് 22 വരെ വനം വകുപ്പിന്റെ ഓഫീസിൽ നേരിട്ടോ vanadalathtsr@gmail.com. എന്ന ഇ-മെയിൽ വഴിയോ നൽകാം. ഫോൺ : 0487-2423189.

# സ്പോട്ട് അഡ്മിഷൻ

തൃശൂർ ജില്ലയിലെ വിവിധ പോളിടെക്നിക്കുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് നോഡൽ പോളിടെക്നിക്ക് ആയ തൃശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂലൈ 19, 20 തീയതികളിൽ രണ്ടാം സ്പോട്ട് അഡ്മിഷൻ നടത്തുന്നു. സ്പോട്ട് അഡ്മിഷന് രജിസ്റ്റർ ചെയ്ത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പങ്കെടുക്കാം. ജൂലൈ 19 ന് സ്പോട്ട് അഡ്മിഷന് രജിസ്റ്റർ ചെയ്ത സ്റ്റേറ്റ് റാങ്ക് ലിസ്റ്റിൽ എസ് ടി, കുടുംബി, കുശവൻ, മറ്റ് പിന്നോക്ക ക്രിസ്ത്യാനി, ഭിന്നശേഷിക്കാർ, ഒആർ, എസ്ഡി, ടിഎക്സ് വിഭാഗത്തിൽപ്പെട്ട മുഴുവൻ പേരും രാവിലെ എട്ടിന് എത്തണം. സ്പോട്ട് അഡ്മിഷന് രജിസ്റ്റർ ചെയ്ത സ്റ്റേറ്റ് റാങ്ക് 25000 വരെ എല്ലാ വിഭാഗത്തിൽപ്പെട്ടവരും രാവിലെ പത്തിന് എത്തണം. സ്പോട്ട് അഡ്മിഷന് രജിസ്റ്റർ ചെയ്ത സ്റ്റേറ്റ് റാങ്ക് 25001 മുതൽ 45000 വരെ എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഉച്ചയ്ക്ക് ഒന്നിന് എത്തണം. ജൂലൈ 20 ന് സ്പോട്ട് അഡ്മിഷന് രജിസ്റ്റർ ചെയ്ത സ്റ്റേറ്റ് റാങ്ക് 45001 മുതൽ 65000 വരെ എല്ലാ വിഭാഗത്തിൽപ്പെട്ടവരും രാവിലെ എട്ടിന് എത്തണം. സ്പോട്ട് അഡ്മിഷന് രജിസ്റ്റർ ചെയ്ത സ്റ്റേറ്റ് റാങ്ക് 65001 മുതൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഐടി, ടിഎച്ച്, വിഎച്ച്, എംയു, ഡിവി, വികെ, എസ്സി, എൽഎ വിഭാഗക്കാർക്ക് മുഴുവൻ പേരും രാവിലെ 11 ന് എത്തണം. സ്പോട്ട് അഡ്മിഷന് രജിസ്റ്റർ ചെയ്ത സ്റ്റേറ്റ് റാങ്ക് 65001 മുതലുള്ള സ്വാശ്രയ പോളിടെക്നിക്കിൽ പ്രവേശനം നേടുവാൻ ആഗ്രഹമുള്ള മേൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവരും ഉച്ചയ്ക്ക് ഒന്നിന് എത്തണം. ഡിപ്ലോമ ഇൻ കമേഴ്സ്യൽ പ്രാക്ടീസിന് സ്പോട്ട് അഡ്മിഷന് രജിസ്റ്റർ ചെയ്ത സ്റ്റേറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവരും ഉച്ചയ്ക്ക് രണ്ടിന് എത്തണം.

# ജലവിതരണം തടസ്സപ്പെടും

പീച്ചി ജലശുദ്ധീകരണശാലയിൽ ഇന്ന് (ജൂലൈ 18) രാവിലെ ഒൻപത് മണി മുതൽ വൈകീട്ട് മൂന്ന് മണി വരെ വൈദ്യുതി തടസ്സം നേരിടുന്നതിനാൽ തൃശൂർ നഗരസഭ പ്രദേശത്തും അനുബന്ധ പഞ്ചായത്തുകളിലും ജലവിതരണം തടസ്സപ്പെടുമെന്ന് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

# സിവിൽ സർവീസ് പരിശീലനം:
# അപേക്ഷ ക്ഷണിച്ചു

പൊന്നാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ചിൽ സിവിൽ സർവീസ് പരിശീലനത്തിന് ബിരുദമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ജൂലൈ 18 മുതൽ ആഗസ്റ്റ് 14 വൈകീട്ട് അഞ്ച് വരെ www.ccek.org ൽ ഓൺലൈനായി അപേക്ഷ നൽകാം. പ്രവേശനപരീക്ഷ ആഗസ്റ്റ് 18 ന് നടക്കും. ക്ലാസ്സുകൾ സെപ്റ്റംബർ 16 ന് ആരംഭിക്കും. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ഫോൺ : 0494-2665489.

# തീയതി നീട്ടി

കർഷകതൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കുള്ള ഈ വർഷത്തെ എസ്എസ്എൽസി, ടിഎച്ച്എൽസി, ഉന്നതവിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഓഗസ്റ്റ് ഒന്നു വരെ നീട്ടിയതായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

# ഗവ. മെഡിക്കൽ കോളജിലും കർക്കിടക കഞ്ഞി

കേരളത്തിൽ പരമ്പരാഗത ചികിത്സാവിധി പ്രകാരം ആരോഗ്യപരിപാലനത്തിനായി കർക്കിടകമാസത്തിൽ തയ്യാറാക്കി കഴിക്കുന്ന ഔഷധക്കഞ്ഞി ഇനി മുതൽ തൃശൂർ ഗവ മെഡിക്കൽ കോളേജ് നെഞ്ചുരോഗ ആശുപത്രിയിലെ കുടുംബശ്രീയുടെ കാന്റനിലും ലഭിക്കും. പദ്ധതിയുടെ ഉദ്ഘാടനം മെഡിക്കൽ കോളജ് നെഞ്ചുരോഗ ആശുപത്രി സൂപ്രണ്ട് ഡോ. ഷഹന എ കാദർ നിർവ്വഹിച്ചു. രോഗപ്രതിരോധ ശേഷി കൂട്ടുന്നതിനും മഴക്കാലത്തോടെ മന്ദഗതിയിലാകുന്ന ദഹനപ്രക്രിയ സുഗമമായി നടക്കുന്നതിനും സഹായിക്കുന്ന ഒന്നാണ് ഔഷധക്കഞ്ഞി അഥവാ കർക്കിടക കഞ്ഞി. കർക്കിടകമാസത്തിലാണ് ഔഷധക്കഞ്ഞി സേവിക്കുന്നത്. മുക്കുറ്റി, കറുക, തിരുതാളി, അടക്കം ദശപുഷ്പങ്ങളും വാതഹരങ്ങളായ കുറുന്തോട്ടി, കരുനൊച്ചി തുടങ്ങി വിവിധ ഔഷധങ്ങൾ ചേറുവയായി ഉണ്ടാക്കുന്ന കഞ്ഞി രാവിലെയോ വൈകിട്ടോ ഏതെങ്കിലും ഒരു നേരം ഇത് കഴിക്കാം. ഔഷധക്കഞ്ഞി കുടിക്കുന്നവർ മത്സ്യമാംസാദികൾ പൂർണമായും ഒഴിവാക്കണം. മിതമായ നിരക്കിൽ നല്ല ആഹാരം എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

# അമൃതം കർക്കിടം
# ഭക്ഷ്യമേള തുടങ്ങി

തൃശൂർ കുടുംബശ്രീ ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അമൃതം കർക്കിടം ആരോഗ്യ ഭക്ഷ്യമേള ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ് ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ്കുമാർ അദ്ധ്യക്ഷത വഹിച്ചു. അയ്യന്തോൾ സിവിൽ സ്റ്റേഷൻ അങ്കണം, ചെമ്പൂക്കാവ് അഗ്രോ ഹൈപ്പർ ബസാർ, മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് കാന്റീൻ, ജില്ലയിലെ 50 ഓളം ഗ്രാമപഞ്ചായത്ത്/നഗരസഭ സിഡിഎസ്സുകൾ എന്നിവിടങ്ങളിലായി ജൂലൈ 24 വരെ രാവിലെ 11 മണി മുതൽ വൈകീട്ട് 7 മണി വരെയാണ് മേള. വിവിധ തരം ഔഷധ കഞ്ഞികളും പത്തിലകറികളും കർക്കിട വിഭവങ്ങളും മേളയിൽ ലഭ്യമാണ്. പാഴ്സൽ കൊണ്ടുപോകുന്നതിനുള്ള സൗകര്യമുണ്ട്. ഫോൺ : 0487-2362517.

# കയ്പമംഗലം പഞ്ചായത്തിൽ
# പ്രഭാതഭക്ഷണം പദ്ധതി

കയ്പമംഗലം പഞ്ചായത്തിലെ ഗവ. എൽ.പി, യു.പി സ്കൂളുകളിലെ 600 കുട്ടികൾക്ക് ഇനി മുതൽ പ്രഭാതഭക്ഷണം. പഞ്ചായത്തിന്റെ സ്വപ്നപദ്ധതിയായ വിദ്യാലയങ്ങളിൽ പ്രഭാതഭക്ഷണം പരിപാടിക്കാണ് തുടക്കമായത്. ആഴ്ച്ചയിൽ അഞ്ച് ദിവസം കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകും. പുട്ട്-കടല, വെള്ളപ്പം-കുറുമ, ഇഡലി-സാമ്പാർ, ചപ്പാത്തി-കുറുമ എന്നിങ്ങനെ വിഭവസമൃദ്ധമാണ് പട്ടിക. പഞ്ചായത്തിലെ രണ്ട് കുടുംബശ്രീ യൂണിറ്റുകൾക്കാണ് പാചകത്തിന്റെ ചുമതല. പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചളിങ്ങാട് ജി.എം.എൽ.പി, മൂന്നുപീടിക ജി.എൽ.പി,കൂരിക്കുഴി ജി.എൽ.പി, ഫിഷറീസ് എൽ.പി. സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 10 ലക്ഷം രൂപയാണ് പദ്ധതിക്കായി പഞ്ചായത്ത് വിനിയോഗിക്കുന്നത്. അടുത്ത വർഷം മുതൽ പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലേയ്ക്കും പ്രഭാത ഭക്ഷണ പദ്ധതി വ്യാപിപ്പിക്കും. പദ്ധതിയുടെ ഉദ്ഘാടനം ഫിഷറീസ് സ്കൂളിൽ പഞ്ചായത്ത് പ്രസിഡന്റ്

ടി.വി.സുരേഷ്ബാബു നിർവ്വഹിച്ചു. പി.ടി.എ. പ്രസിഡന്റ് ധന്യ പ്രമോദ് അധ്യക്ഷത വഹിച്ചു. പഞ്ചായത്തംഗം പി.ടി.രാമചന്ദ്രൻ, പ്രധാനധ്യാപിക എൻ.ജി. ബീനാ ഭായ് എന്നിവർ സംസാരിച്ചു.

## മെഡിക്കൽ-എഞ്ചിനീയറിങ്ങ് എൻട്രൻസ് പരീക്ഷാപരിശീലനം

ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയത്തിനും ബി പ്ലസിന് മുകളിൽ ഗ്രേഡ് നേടി പ്ലസ് വൺ സയൻസ് പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ-എഞ്ചിനീയറിങ്ങ്എൻട്രൻസ് പരീക്ഷാപരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 30. വിശദവിവരങ്ങൾ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിലും ജില്ലാ പട്ടികജാതി വികസന ഓഫീസിലും ലഭിക്കും. ഫോൺ : 0487-2360381.

## ലൈബ്രേറിയേൻ ഒഴിവ്

നായരങ്ങാടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഈ അദ്ധ്യയന വർഷം ലൈബ്രേറിയേൻ തസ്തികയിൽ നിയമനം നടത്തുന്നു. ലൈബ്രറി സയൻസിൽ ബിരുദവും കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറിയിൽ ചുരുങ്ങിയത് മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. താൽപര്യമുള്ളവർ ബയോഡാറ്റയും പ്രായം, ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതം ജൂലൈ 20 നകം ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, ചാലക്കുടി 680307 എന്ന വിലാസത്തിൽ നൽകണം. ഫോൺ : 0480-2706100.

## മലയാള സാഹിത്യകാരെ അറിയാതെ കേരളത്തിൽ ജീവിക്കുന്നതിൽ അർത്ഥമില്ല: സിപ്പി പള്ളിപ്പുറം

മലയാളത്തിലെ പ്രമുഖസാഹിത്യകാരെ അറിയാതെ കേരളത്തിൽ ജീവിക്കുന്നതിൽ അർത്ഥമില്ലെന്ന് സിപ്പി പള്ളിപ്പുറം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്രയുടെ ചാലക്കുടി ക്രസന്റ് പബ്ലിക് സ്കൂളിലെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏതു മാധ്യമത്തിൽ അധ്യയനം നടത്തിയാലും കേരളത്തിൽ ജീവിക്കുന്നവർ മലയാളം പഠിക്കണം. ബഷീറിനെയും എംടിയെയും പോലെയുള്ളവരെ അറിയണം. അവരുടെ പുസ്തകങ്ങൾ വായിക്കണം. കാരണം മനസ്സിനുള്ള ഭക്ഷണമാണ് പുസ്തകം സിപ്പി പള്ളിപ്പുറം പറഞ്ഞു. കുട്ടികൾക്ക് പാട്ടുകളും പാടിക്കൊടുത്ത് അവരെക്കൊണ്ട് പാട്ടുകൾ പാടിപ്പിക്കുകയും ചെയ്തു അദ്ദേഹം.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സി ആർ ദാസ് അദ്ധ്യക്ഷത വഹിച്ചു. വായനമത്സരത്തിലും കാവ്യാലാപനമത്സരത്തിലും വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റും സി ആർ ദാസ് നൽകി. പ്രിൻസിപ്പൽ ഡോ. ജോർജ്ജ് കോലഞ്ചേരി, വൈസ് പ്രിൻസിപ്പൽ ശാലിനി ഷേണായി, കുട്ടികളുടെ പ്രതിനിധി ആൻ മരിയ ജോസ് പോൾ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രേറിയൻ കം ഡോക്യുമെന്റേഷൻ ഓഫീസർ ഉല്ലാസ് സി ജി എന്നിവർ സംസാരിച്ചു. കുട്ടികൾക്ക് ബാലസാഹിത്യ പുസ്തകങ്ങൾ പകുതിവിലയ്ക്ക് ലഭ്യമാക്കുന്ന പുസ്തകമേളയും അക്ഷരയാത്രയുടെ ഭാഗമാണ്. തൃശ്ശൂർ ജില്ലയിലെ ഏതു കുട്ടിക്കും അക്ഷരയാത്ര നടക്കുന്ന സ്കൂളുകളിൽനിന്ന് പുസ്തകങ്ങൾ വാങ്ങാം. ഒരു സ്കൂളിൽ രണ്ടു ദിവസമാണ് പുസ്തകപ്രദർശനം.

## കൗൺസിലർ നിയമനം

ഗവ. മെഡിക്കൽ കോളേജിൽ കൗൺസിലർ തസ്തികയിൽ കരാർ നിയമനം നടത്തുന്നു. എംഎസ്ഡബ്ല്യൂ അല്ലെങ്കിൽ സൈക്കോളജിയിൽ ബിരുദാനന്തരബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും ജൂലൈ 23 രാവിലെ 10 ന് പ്രിൻസിപ്പാലിന്റെ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2200311, 2200318.

# ഡെന്റിസ്റ്റ് നിയമനം

ദേശീയ ആരോഗ്യദൗത്യം തൃശൂർ കാര്യാലയത്തിൽ പീഡിയോഡന്റിസ്റ്റ്, ഡെന്റൽ സർജൻ എന്നീ തസ്തികയിൽ നിയമനം നടത്തുന്നു. എംഡിഎസ് ആണ് പീഡിയോഡന്റിസ്റ്റിന്റെ യോഗ്യത. ബിഡിഎസ് ആണ് ഡെന്റൽ സർജന്റെ യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതമുള്ള അപേക്ഷ ജൂലൈ 26 നകം തൃശൂർ ആരോഗ്യകേരളം കാര്യാലയത്തിൽ നൽകണം. ഫോൺ : 0487-2325824.

# ടെലിവിഷൻ ജേർണലിസം: അപേക്ഷ ക്ഷണിച്ചു

കോഴിക്കോട് കെൽട്രോൺ സെന്റർ നടത്തുന്ന ഒരു വർഷത്തെ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ടെലിവിഷൻ ജേണലിസം കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ബിരുദം നേടിയവർക്കും ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഫോൺ : 8137969292, 638840883.

# വിദ്യാർത്ഥികൾക്ക് സൈബർ ബോധവൽക്കരണം

പഴഞ്ഞി ഗവ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിങ് സെല്ലിന്റെയും തൃശൂർ സൈബർ സെല്ലിന്റെയും ആഭിമുഖ്യത്തിൽ രണ്ടാം വർഷ വിഎച്ച്എസ്ഇ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സൈബർ ബോധവൽക്കരണം സംഘടിപ്പിച്ചു. സൈബർ ലോ, സൈബർ കുറ്റകൃത്യങ്ങൾ കുട്ടികളിൽ, സൈബർ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ മുക്തരാക്കേണ്ട വിധം, രക്ഷിതാക്കളും സൈബർ നിയമങ്ങളും തുടങ്ങിയ വിഷയങ്ങളിൽ തൃശൂർ സൈബർ സെല്ലിലെ റിസോഴ്സ് പേഴ്സൻ മിഥുൻ ക്ലാസെടുത്തു. വിഎച്ച്എസ്ഇ പ്രിൻസിപ്പൽ ഷാലിൻചന്ദ്ര, കരിയർ മാസ്റ്റർ പ്രവീൺ എന്നിവർ പങ്കെടുത്തു.